**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5353** **21-07-2022 - ൽ മറുപടിയ്ക്ക്**

**കുന്നത്തുനാട് മണ്ഡലത്തിലെ കെ.എസ്.ആർ.ടി.സി. സർവ്വീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കുന്നത്തുനാട് നിയോജക മണ്ഡലത്തിലൂടെയുള്ള എത്ര കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകളാണ് കോവിഡ് സാഹചര്യത്തിൽ നിർത്തലാക്കിയത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | കുന്നത്തുനാട് നിയോജക മണ്ഡലത്തിലെ ആലുവ ഡിപ്പോയിൽ നിന്നുള്ള അവശ്യ / സ്പെഷ്യൽ സർവ്വീസുകൾ ഒഴികെ മുഴുവൻ സർവ്വീസുകളും കോവിഡ് സാഹചര്യത്തിൽ നിർത്തലാക്കിയിട്ടുണ്ടായിരുന്നു. |
| (ബി) | അതിൽ പുനരാരംഭിച്ച സർവ്വീസുകളുടെ വിശദാംശം ലഭ്യമാക്കാമോ; | (ബി) | കോവിഡിന് മുമ്പ് കുന്നത്തുനാട് നിയോജക മണ്ഡലത്തിലൂടെ ഓപ്പറേറ്റ് ചെയ്തിരുന്ന ടി യൂണിറ്റിലെ 06.00 മൂവാറ്റുപുഴ ഒഴികെ ബാക്കി എല്ലാ സർവ്വീസുകളും പുനഃസ്ഥാപിച്ചിട്ടുണ്ട്. |
| (സി) | പുനരാരംഭിക്കാൻ ബാക്കിയുള്ള സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; | (സി) | പുനരാരംഭിക്കുവാനുള്ള സർവ്വീസുകളുടെ ട്രാഫിക് ഡിമാന്റ് ഉള്ള ട്രിപ്പുകൾ നിലവിൽ ഓടിക്കുന്ന സർവ്വീസുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മറ്റ് ട്രിപ്പുകൾ പുനരാരംഭിക്കുന്നതിനുള്ള സാദ്ധ്യത വിലയിരുത്തി നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) | കുന്നത്തുനാട് മണ്ഡലത്തിലെ കോലഞ്ചേരി ബ്ലോക്ക് ജംഗ്ഷനിൽ ലിമിറ്റഡ് സ്റ്റോപ്പ് ഫാസ്റ്റ് പാസഞ്ചർ ഉൾപ്പെടെയുള്ള കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് സ്റ്റോപ്പ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ? | (ഡി) | കുന്നത്തുനാട് മണ്ഡലത്തിലെ കോലഞ്ചേരി ബ്ലോക്ക് ജംഗ്ഷനിൽ സ്റ്റോപ്പ് അനുവദിക്കുന്നത് സംബന്ധിച്ച് വിവരങ്ങൾ ശേഖരിക്കുന്നതിനായി എറണാകുളം മേഖലാ ഓഫീസിന് നിർദ്ദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ